"ഭരണഭാഷ - മാതൃഭാഷ"

നം:- DGE/820/2025-Y1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 15-04-2025
ഇ-മെയിൽ : supdty.dge@kerala.gov.in

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - 2024-25 വർഷത്തെ എസ്.എസ്.എൽ.സി/ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി – ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. സ.ഉ.(സാധാ) നം. 2450/2025/പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് തീയതി. 03/04/2025
2. സ.ഉ.(സാധാ) നം. 394/2022/പൊതുവിദ്യാഭ്യാസ വകുപ്പ് തീയതി. 18/01/2022
3. സ്പോർട്സ് 1/2500/2025/ഡി.ജി.ഇ തീയതി. 09/04/2025 നം. അനൗദ്യാഗിക കുറിപ്പ്
4. പി.എൽ 3/4650/2025/ഡി.ജി.ഇ തീയതി. 07/04/2025 നം. സർക്കുലർ
5. പി.എൽ 3/7091/2024/ഡി.ജി.ഇ തീയതി. 20/06/2024 നം. സർക്കുലർ
6. പി.എൽ 3/4650/2025/ഡി.ജി.ഇ തീയതി. 10/04/2025 നം. കത്ത്

*****

സൂചന (1) ലെ ഉത്തരവ് പ്രകാരം 2024-25 വർഷത്തെ എസ്എസ്.എൽ.സി/ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പൊതുപരീക്ഷയ്ക്കുള്ള വിവിധയിനം ഗ്രേസ് മാർക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള പരിഷ്കരിച്ച ഗ്രേസ് മാർക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഗ്രേസ് മാർക്ക് |
|---|---|---|
| 1. | കേരള സ്കൂൾ കലോത്സവം<br>കേരള സ്കൂൾ ശാസ്ത്രോത്സവം<br>സംസ്ഥാനതല ശാസ്ത്ര സെമിനാർ<br>സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ മത്സരം<br>സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ<br>സംസ്ഥാനതല വാർത്താ വായന മത്സരം<br>സംസ്ഥാനതല ഭാസ്കരാചാര്യ സെമിനാർ<br>സംസ്ഥാനതല ടാലന്റ് സെർച്ച് ശാസ്ത്രം | എ ഗ്രേഡ് – 20<br>ബി ഗ്രേഡ് – 15<br>സി ഗ്രേഡ് – 10<br><br>1, 2, 3 സ്ഥാനം നിശ്ചയിച്ച് നൽകുന്ന ഇനങ്ങൾക്ക് 20, 17, 14 മാർക്കുകൾ വീതം നൽകുന്നു. |

| | | |
|---|---|---|
| | സംസ്ഥാനതല ടാലന്റ് സെർച്ച് ഗണിത ശാസ്ത്രം<br>സംസ്ഥാനതല ടാലന്റ് സെർച്ച് സാമൂഹ്യ ശാസ്ത്രം | |
| 2. | സ്പെഷ്യൽ സ്കൂൾ കലോത്സവം | എ ഗ്രേഡ് – 25<br>ബി ഗ്രേഡ് – 20<br>സി ഗ്രേഡ് – 15 |
| 3. | ജൂനിയർ റെഡ് ക്രോസ് | 10 മാർക്ക് |
| 4. | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രൊജക്ട് | 20 മാർക്ക് |
| 5. | സംസ്ഥാനതല ബാലശാസ്ത്ര കോൺഗ്രസ് | എ ഗ്രേഡ് – 20<br>ബി ഗ്രേഡ് – 15<br>സി ഗ്രേഡ് – 10 |
| 6. | ദേശീയ ബാലശാസ്ത്ര കോൺഗ്രസ് (ദേശീയ തലത്തിൽ പങ്കെടുത്തവർക്ക്) | 25 മാർക്ക് |
| 7. | **സ്കൗട്സ് ആന്റ് ഗൈഡ്സ്**<br>80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം (ഹയർസെക്കന്ററി വിഭാഗം) | 25 മാർക്ക് |
| | രാജ്യ പുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്(ഹയർസെക്കന്ററി വിഭാഗം)<br><br>രാഷ്ട്രപതി സ്കൗട്സ് ആന്റ് ഗൈഡ്സ് (ഹയർസെക്കന്ററി വിഭാഗം) | 40 മാർക്ക്<br><br>50 മാർക്ക് |
| | **ഹൈസ്കൂൾ വിഭാഗം**<br>80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം | 18 മാർക്ക് |
| | രാജ്യ പുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ് | 20 മാർക്ക് |
| | രാഷ്ട്രപതി അവാർഡ് വിജയികൾക്ക് | 25 മാർക്ക് |
| 8. | **എൻ.എസ്.എസ്** | |
| | റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയേഴ്സ്<br>ദേശീയ തലത്തിൽ ക്യാമ്പുകളിൽ പങ്കെടുത്ത എൻ.എസ്.എസ് വോളണ്ടിയർമാർക്ക് | 40 മാർക്ക്<br><br>25 മാർക്ക് |
| | എൻ.എസ്.എസ് സർട്ടിഫിക്കറ്റ് ഉള്ള എൻ.എസ്.എസ് വോളന്റിയേഴ്സ് | 20 മാർക്ക് |
| 9. | ലിറ്റിൽ കൈറ്റ്സ് | 15 മാർക്ക് |
| 10. | | |

| | | |
|---|---|---|
| 10. | ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ | 25 മാർക്ക് |
| 11. | ബാലശ്രീ അവാർഡ് വിജയികൾക്ക് | 15 മാർക്ക് |
| 12. | **കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോരിറ്റിയുടെ ക്വിസ് കോമ്പിനേഷൻ** | |
| | ഫസ്റ്റ് വിന്നർ ടീം | 5 മാർക്ക് |
| | സെക്കന്റ് വിന്നർ ടീം | 3 മാർക്ക് |
| 13. | സർഗോത്സവം | എ ഗ്രേഡ് -15 |
| | | ബി ഗ്രേഡ് -10 |
| 14. | സതേൺ ഇൻഡ്യ സയൻസ് ഫെയർ (ആദ്യ മൂന്ന് സ്ഥാനക്കാർക്ക്) | 22 മാർക്ക് |
| 15. | **എൻ.സി.സി**<br><br>റിപ്പബ്ലിക് ഡേ പരേഡ് ക്യാമ്പ്(ആർ.ഡി.സി)/താൽ സൈനിക ക്യാമ്പ്(റ്റി.എസ്.ഇ)/ഓൾ ഇന്ത്യാ നൗസൈനിക് ക്യാമ്പ് (എ.ഐ.എൻ.എസ്.ഇ) ഓൾ ഇന്ത്യാ വായു സൈനിക് ക്യാമ്പ് (എ.ഐ.വി.എസ്.ഇ)/എസ്.പി.എൽ. എൻ.ഐ.സി/യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (വൈ.ഇ.പി)<br><br>റിമാർക്സ്: സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 2 മുതൽ 3 മാസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നു. മറ്റ് സാമൂഹ്യസേവന പരിപാടികളിലും, മറ്റ് എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം. | 40 മാർക്ക് |
| | നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് (എൻ.ഐ.സി)/ ഏക് ഭാരത് ശ്രേഷ്ഠതാ ഭാരത് (ഇ.ബി.എസ്.ബി/ റോക്ക് ക്ലൈംബിംഗ് ട്രെയിനിംഗ് ക്യാമ്പ് (ആർ.സി.റ്റി.സി/അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ്<br><br>(എ.എൽ.സി) ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (ബി.എൽ.സി) ട്രക്കിംഗ് പ്രീ – ആർ.ഡി.സി. | 30 മാർക്ക് |

| | | |
|---|---|---|
| | അറ്റാച്ച്മെന്റ് ക്യാമ്പ്/ പ്രീ –റ്റീ.എസ്.സി/പ്രീ –എൻ.എസ്.സി/ പ്രി- വി.എസ്.സി.ഐ ജി.സി/ബേസിക് പാരാ കോഴ്സ്/ സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകൾ എന്നിവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.<br><br>റിമാർക്സ് : സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 10 മുതൽ 30 ദിവസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നതാണ്. സർക്കാരിന്റെ മറ്റ് സാമൂഹ്യസേവന പരിപാടികളിലും, മറ്റ് എൻ.സി.സി പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം. | |
| | 75% മോ അതിൽ കൂടുതലോ പരേഡ് അറ്റൻഡൻസ്<br><br>റിമാർക്സ് : സ്കൂൾ/ കോളേജുകളിൽ ശനിയാഴ്ച നടത്തുന്ന പരേഡിൽ പങ്കെടുത്തിരിക്കണം.<br><br>സർക്കാരിന്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും, മറ്റ് എൻ.സി.സി പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം. | 20 മാർക്ക് |

**വ്യവസ്ഥകൾ**

1. എട്ടാം ക്ലാസ്സിലോ ഒൻപതാം ക്ലാസ്സിലോ പഠിക്കുമ്പോൾ സംസ്ഥാനതലസ്കൂൾ കലോത്സവത്തിലോ ശാസ്ത്രോത്സവത്തിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കണമെന്നില്ല. പകരം റവന്യൂ ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും അതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.
2. ഗ്രേസ് മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ് മാർക്ക് (ബോണസ് മാർക്ക്) നൽകുന്നതല്ല.
3. വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏതിനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ നൽകുകയുള്ളൂ.
4. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഗ്രേസ് മാർക്ക് സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. <u>പ്രധാനാധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 2025 ഏപ്രിൽ 16-ാം തീയതിയിൽ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി</u>

<u>ലഭിക്കുന്ന പ്രിന്റ് ഔട്ട്, നടപടി ഉത്തരവ് സഹിതം 22/04/2025 നകം പരീക്ഷാ സെക്രട്ടറിക്ക് നൽകേണ്ടതാണ്. സതേൺ ഇൻഡ്യ സയൻസ് ഫെയർ, ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ എന്നിവയിൽ പങ്കെടുക്കുകയും ഗ്രേസ് മാർക്കിന് അർഹതയുമുള്ള വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 16/04/2025 നകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ എന്നറിയിക്കുന്നു.</u>

## <u>സ്പോർട്സ്</u>

സൂചന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് ഗ്രേസ്മാർക്ക് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂൾ പ്രധാനാധ്യാപകർ/പ്രിൻസിപ്പൽമാർ നിർദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഗ്രേസ്മാർക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടത്. മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതും, ബന്ധപ്പെട്ട പ്രധാനാധ്യാപകൻ/ പ്രിൻസിപ്പലിന് മാത്രമായിരിക്കും ആയതിന്റെ ഉത്തരവാദിത്തം എന്നും ഇതിനാൽ അറിയിക്കുന്നു.

### <u>I . പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച സ്പോർട്സ് മത്സരങ്ങള്ക്ക് ഗ്രേസ് മാര്ക്ക് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിച്ച കൊണ്ടിരിക്കുന്ന കുട്ടികൾ ആയിരിക്കണം.

2. ഒന്നാം അവസരത്തിൽ പരീക്ഷയിൽ വിജയിക്കുന്നതിന് ആവശ്യമായ മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് അവരുടെ 2-ാമത്തെ അവസരത്തിൽ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും. ഇതിന് അവരുടെ പഠന കാലയളവിൽ ലഭിച്ച സർട്ടിഫിക്കറ്റായിരിക്കണം ഹാജരാക്കേണ്ടത്. എന്നാൽ 3-ാമത്തെ അവസരത്തിന് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

3. പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ് സർട്ടിഫിക്കറ്റുകൾ, SGFI (School Games Federation of India) നടത്തുന്ന ദേശീയ മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ് / പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ, SGFI മുഖാന്തിരം സംഘടിപ്പിക്കപ്പെടുന്ന അന്തർദേശീയ മത്സരങ്ങൾക്കു ലഭിക്കുന്ന മെറിറ്റ് / പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകളാണ് ഗ്രേസ് മാർക്കിനായി പരിഗണിക്കുന്നത്.

4. 8-ാം ക്ലാസിലും 9-ാം ക്ലാസിലും പഠിക്കുമ്പോൾ സ്പോർട്സിന് ലഭിച്ച സംസ്ഥാന മെറിറ്റ്/ ദേശീയ മെറിറ്റ്, അന്തർദേശീയ മെറിറ്റ്/ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി 10-ാം ക്ലാസിലെ ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതാണ്.

a) **ഖണ്ഡിക I (3)** ൽ പരാമർശിച്ച സ്പോർട്സ് യോഗ്യത സർട്ടിഫിക്കറ്റുകളുടെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

b) 8-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ 9-ാം ക്ലാസിലും, 10-ാം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റുകളുടെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

c) 9-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ 10-ാം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റിന്റെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. <u>അതാത് വർഷം ജൂൺ 01 മുതൽ മെയ് 31 വരെ നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.</u>

**ഖണ്ഡിക I (3)** ൽ പരാമർശിച്ച അന്തർദേശീയ/ ദേശീയ/ സംസ്ഥാന സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന ഗ്രേസ്മാർക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

* അന്തർദേശീയ തലം ഒന്നാം സ്ഥാനം 100 മാർക്ക്
* അന്തർദേശീയ തലം രണ്ടാം സ്ഥാനം 90 മാർക്ക്
* അന്തർദേശീയ തലം മൂന്നാം സ്ഥാനം 80 മാർക്ക്
* അന്തർദേശീയ തലത്തിൽ പങ്കാളിത്തത്തിന് 75 മാർക്ക്

* ദേശീയ തലം ഒന്നാം സ്ഥാനം 50 മാർക്ക്
* ദേശീയ തലം രണ്ടാം സ്ഥാനം 45 മാർക്ക്
* ദേശീയ തലം മൂന്നാം സ്ഥാനം 40 മാർക്ക്
* ദേശീയ തലത്തിൽ പങ്കാളിത്തത്തിന് 35 മാർക്ക്

* സംസ്ഥാന തലം ഒന്നാം സ്ഥാനം 20 മാർക്ക്
* സംസ്ഥാന തലം രണ്ടാം സ്ഥാനം 17 മാർക്ക്
* സംസ്ഥാന തലം മൂന്നാം സ്ഥാനം 14 മാർക്ക്
* സംസ്ഥാന തലം നാലാം സ്ഥാനം 10 മാർക്ക്
* സംസ്ഥാന തലം അഞ്ചാം സ്ഥാനം 8 മാർക്ക്
* സംസ്ഥാന തലം ആറാം സ്ഥാനം 6 മാർക്ക്
* സംസ്ഥാന തലം ഏഴാം സ്ഥാനം 4 മാർക്ക്
* സംസ്ഥാന തലം എട്ടാം സ്ഥാനം 2 മാർക്ക്

പൊതുവിദ്യാഭ്യാസവകുപ്പ് സംഘടിപ്പിച്ച 2024-25 വർഷത്തെ സംസ്ഥാന സ്കൂൾ കായിക മത്സരങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമാണ് 5, 6, 7, 8 സ്ഥാനങ്ങൾക്കുള്ള ഗ്രേസ് മാർക്കിനായി പരിഗണിക്കുന്നത്.

**<u>I I . സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളുടെ മത്സര ഇനമായിരിക്കണം.

2. എസ്.എസ്.എൽ.സി , ഹയർ സെക്കൻററി , വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ആയിരിക്കണം.

3. ഒന്നാം അവസരത്തിൽ പരീക്ഷയിൽ വിജയിക്കുന്നതിന് ആവശ്യമായ മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് അവരുടെ 2-ാമത്തെ അവസരത്തിൽ ഗ്രേസ് മാർക്കിനു അർഹതയുണ്ടായിക്കും. ഇതിന് അവരുടെ പഠനകാലയളവിൽ ലഭിച്ച സർട്ടിഫിക്കറ്റായിരിക്കണം ഹാജരാക്കേണ്ടത്. എന്നാൽ 3-ാമത്തെ അവസരത്തിന് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

4. 8-ാം ക്ലാസിലും 9-ാം ക്ലാസിലും പഠിക്കുമ്പോൾ ലഭിച്ച സംസ്ഥാന മെറിറ്റ്/ ദേശീയ മെറിറ്റ്/ പാർട്ടിസിപ്പേഷൻ, അന്തർദേശീയ മെറിറ്റ്/ പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി 10-ാം ക്ലാസിലെ ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതാണ്.

a) 8-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ 9-ാം ക്ലാസിലും, 10-ാം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

b) 9-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് സമർപ്പിച്ചിട്ടുള്ളതെങ്കിൽ 10-ാം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരത്തിലെങ്കിലും പങ്കെടുത്തതിനുള്ള അംഗീകൃത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. അതാത് അധ്യയന വർഷം (ജൂൺ 01 മുതൽ മെയ് 31 വരെ) നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന അക്വാട്ടിക്സ്, അത്‌ലറ്റിക്സ്, ഗെയിംസ് മത്സര ഇനങ്ങളിൽ (കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മത്സര ഇനങ്ങളിൽ പങ്കെടുത്ത് ദേശീയ/ അന്തർദേശീയ മത്സരങ്ങൾക്ക് ലഭിച്ച മെറിറ്റ്/ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ) 1, 2, 3, 4 സ്ഥാനങ്ങൾ ലഭിച്ച മത്സരാർത്ഥികൾക്കാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. എന്നാൽ ഫെഡറേഷനുകൾ നടത്തുന്ന സൗത്ത് സോൺ / ഫെഡറേഷൻ കപ്പ് എന്നീ മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

**ഖണ്ഡിക II (6)** പ്രകാരമുള്ള അന്തർ ദേശീയ/ ദേശീയ/ സംസ്ഥാന സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന ഗ്രേസ് മാർക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

* അന്തർദേശീയ തലം ഒന്നാം സ്ഥാനം 100 മാർക്ക്
* അന്തർദേശീയ തലം രണ്ടാം സ്ഥാനം 90 മാർക്ക്
* അന്തർദേശീയ തലം മൂന്നാം സ്ഥാനം 80 മാർക്ക്

* അന്തർദേശീയ തലത്തിൽ പങ്കാളിത്തത്തിന് 75 മാർക്ക്

* ദേശീയ തലം ഒന്നാം സ്ഥാനം 50 മാർക്ക്
* ദേശീയ തലം രണ്ടാം സ്ഥാനം 45 മാർക്ക്
* ദേശീയ തലം മൂന്നാം സ്ഥാനം 40 മാർക്ക്
* ദേശീയ തലത്തിൽ പങ്കാളിത്തത്തിന് 35 മാർക്ക്

* സംസ്ഥാന തലം ഒന്നാം സ്ഥാനം 20 മാർക്ക്
* സംസ്ഥാന തലം രണ്ടാം സ്ഥാനം 17 മാർക്ക്
* സംസ്ഥാന തലം മൂന്നാം സ്ഥാനം 14 മാർക്ക്
* സംസ്ഥാന തലം നാലാം സ്ഥാനം 10 മാർക്ക്

7. **ഖണ്ഡിക II (6)** പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ / ഫെഡറേഷനുകൾ സംസ്ഥാന / ദേശീയ / അന്തർദേശീയ തലത്തിൽ നടത്തുന്ന സ്പോർട്സ് / ഗെയിംസ് ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി, മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതായിരിക്കണം. ഇപ്രകാരം സ്പോർട്സ് കൗൺസിൽ സെക്രട്ടറി പരിശോധിച്ച് അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മാത്രം ഓൺലൈൻ മുഖാന്തിരവും, നേരിട്ടും സമർപ്പിക്കുവാൻ എല്ലാ പ്രധാനാധ്യാപകരും/ പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**III.** ഗ്രേസ് മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ് മാർക്ക് (ബോണസ് മാർക്ക്) നൽകുന്നതല്ല.

**IV.** വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏത് ഇനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ നൽകുകയുള്ളൂ.

**V.** ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഗ്രേസ് മാർക്ക് സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

മേൽ നിർദേശ പ്രകാരം പത്താം ക്ലാസിലെ ഗ്രേസ് മാർക്കിന് അർഹത നേടിയ കുട്ടികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ചെയ്യേണ്ടതും ആയതിന്റെ പ്രിന്റൗട്ടിനോടൊപ്പം ഹാൾ ടിക്കറ്റ്, ഗ്രേസ് മാർക്കിന് അർഹതപ്പെട്ട സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ബന്ധപ്പെട്ട പ്രധാനാധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 2025 ഏപ്രിൽ 16-ാം തീയതിയിൽ സമർപ്പിക്കേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത അപേക്ഷകൾ 2025 ഏപ്രിൽ 22 വൈകിട്ട് 5.00 മണിയ്ക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. ഒരിക്കൽ നിരസിച്ച അപേക്ഷകൾ പുന:സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം എല്ലാ രേഖകളും (ആദ്യ തവണ അപേക്ഷിച്ചപ്പോഴുള്ള രേഖകൾ ഉൾപ്പെടെ) ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രധാനാധ്യാപകൻ /പ്രിൻസിപ്പൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം

സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിന്റെ വിദ്യാലയ കർമ്മ പരിപാടികൾ 3 വർഷം വിജയകരമായി പൂർത്തീകരിക്കുന്ന അംഗങ്ങൾക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും സൂചന (5) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സൂചന (4) സർക്കുലർ പ്രകാരം 3 വർഷം തുടർച്ചയായി സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന കുട്ടികൾക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. പ്രസ്തുത സർട്ടിഫിക്കേറ്റിൽ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേഡ് രേഖപ്പെടുത്തേണ്ടതാണ്. സൂചന (1) പ്രകാരം സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിലെ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ചുവടെ പറയുന്ന പ്രകാരം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.

| ക്രമ നം. | ഗ്രേഡ് | ഗ്രേസ് മാർക്ക് |
|---|---|---|
| 1 | എ ഗ്രേഡ് | 25 മാർക്ക് |
| 2 | ബി ഗ്രേഡ് | 15 മാർക്ക് |
| 3 | സി ഗ്രേഡ് | 10 മാർക്ക് |

ഹൈസ്കൂൾ തലത്തിൽ സ്കൂൾ സോഷ്യൽ സർവ്വീസ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത കുട്ടികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഗ്രേസ് മാർക്ക് സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. <u>പ്രധാനാധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 2025 ഏപ്രിൽ 16-ാം തീയതിയിൽ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി ലഭിക്കുന്ന പ്രിന്റ് ഔട്ട്, നടപടി ഉത്തരവ് സഹിതം 22/04/2025 നകം പരീക്ഷാ സെക്രട്ടറിക്ക് നൽകേണ്ടതാണ്.</u>

Signed by
Shanavas S
Date: 15-04-2025 14:08:39
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ (ജില്ല സെക്രട്ടറിമാർക്ക് ഇത് സംബന്ധിച്ച നിർദേശം നൽകേണ്ടതാണ്)
2. സെക്രട്ടറി, പരീക്ഷഭവൻ ,പൂജപ്പുര,തിരുവനന്തപുരം

3. ജോയിന്റ് ഡയറക്ടർ, ഹയർ സെക്കണ്ടറി /വോക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതാണ്)
5. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതാണ് )
6. എല്ലാ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)
7. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ